**JAGRATHA 98**

Vol-3, N0:23
10-07 - 2009

*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com

(For Private Circulation only)

**Commission Chairman**
Rt. Rev. Dr. Stanley Roman
**Commission Secretary**
Fr. Johny Kochuparambil MST

# ജാഗ്രത

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

## പ്രധാന വാർത്തകൾ

01. സ്വവർഗരതിക്ക് ലൈസൻസരുത്: മാർ വർക്കി വിതയത്തിൽ
02. സ്വവർഗലൈംഗീകത നിയമം പുനഃപരിശോധിക്കാനുള്ള നീക്കം പ്രതിഷേധാർഹം: ജാഗ്രത സമിതി
03. സിസ്റ്റർ ടീനയെ സഭ പുറത്താക്കിയിട്ടില്ല, സ്വയം വിടുതൽ വാങ്ങി : സുപ്പീരിയർ ജനറൽ
04. വൈദീകരെ മർദിച്ച സംഭവം: നിയമ നടപടി സ്വീകരിക്കണം: കെ.സി.ബി.സി ജാഗ്രത സമിതി
05. അഫീലിയേഷൻ റദ്ദാക്കൽ: നിയമനടപടി സ്വീകരിക്കുമെന്ന് മാനേജ്മെന്റ്
06. വിമർശിക്കുന്നവർ സഭയുടെ വിശുദ്ധിയും കാണണം: മാർ വിതയത്തിൽ
07. ഹൈക്കോടതിവിധി കുടുംബഭദ്രതയെ തകർക്കും: കെ.സി.ബി.സി

## 01. സ്വവർഗരതിക്കു ലൈസൻസരുത്: മാർ വർക്കി വിതയത്തിൽ

സ്വവർഗരതി കുറ്റകരമാക്കുന്ന ഇന്ത്യൻ ശിക്ഷാനിയമത്തിലെ വകുപ്പ് റദ്ദാക്കരുതെന്ന് കാത്തലിക് ബിഷപ്സ് കോൺഫറൻസ് ഓഫ് ഇന്ത്യ പ്രസിഡണ്ട് മേജർ ആർച്ച് ബിഷപ് മാർ വർക്കി വിതയത്തിൽ ആവശ്യപ്പെട്ടു. ഒരു കാര്യം ശിക്ഷയ്ക്കു വിധേയമാക്കുന്നില്ല എന്നതിന്റെ അർത്ഥം അത് ധാർമികമാണ് എന്നല്ല. എന്നാൽ നിയമാനുസൃതമായതെല്ലാം ധാർമികമാണെന്ന ധാരണയാണ് സാമാന്യജനങ്ങൾക്കുണ്ടാവുന്നത്. ഈ സാഹചര്യത്തിൽ സ്വവർഗരതിയ്ക്കു ലൈസൻസ് നൽകി അധാർമികതയെ പ്രോത്സാഹിപ്പിക്കരുതെന്ന് മാർ വർക്കി വിതയത്തിൽ ചൂണ്ടികാട്ടി. സ്വവർഗ വിവാഹം അനുവദിക്കുന്ന രാജ്യങ്ങളിൽ കുടുംബം, വിവാഹം തുടങ്ങിയ അടിസ്ഥാന സാമൂഹിക ഘടകങ്ങൾ തകരുന്നതായും അദ്ദേഹം അഭിപ്രായപ്പെട്ടു. ധാർമികമായ ആത്മനിയന്ത്രണമാണ് ആർഷഭാരത സംസ്ക്കാരത്തിന്റെ കാതൽ, അതു കാത്തു സൂക്ഷിക്കാൻ സർക്കാർ ജാഗ്രത പുലർത്തണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

## 02. സ്വവർഗ ലൈംഗീകത: നിയമം പുനഃപരിശോധിക്കാനുള്ള നീക്കം പ്രതിഷേധാർഹം: ജാഗ്രത സമിതി

സ്വവർഗ്ഗ ലൈംഗീകത കുറ്റകരമാണെന്ന ഇന്ത്യൻ പീനൽ കോഡിലെ 377-)o വകുപ്പ് എടുത്തു കളയാനുള്ള കേന്ദ്രസർക്കാരിന്റെ നീക്കത്തിനെതിരെ കെ. സി.ബി.സി. ജാഗ്രതാസമിതി ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി. കേന്ദ്രസർക്കാരിന്റെ ഇത്തരത്തിലുള്ള നീക്കങ്ങളെ കത്തോലിക്കാസഭയ്ക്ക് അംഗീകരിക്കാനാവില്ലെന്നും ഇതിനെതിരെ വേണ്ടിവന്നാൽ ശക്തമായ പ്രതിഷേധം നടത്തുമെന്നും കെ.സി.ബി.സി. ജാഗ്രതാ കമ്മീഷൻ സെക്രട്ടറി ഫാ. ജോണി കൊച്ചുപറമ്പിൽ മുന്നറിയിപ്പു നൽകി. സ്വവർഗ്ഗ ലൈംഗീകത പ്രകൃതിവിരുദ്ധവും അധാർമികവുമാണ്. അതിനെ നിയമപരമായി അംഗീകരിച്ചാൽ സമൂഹത്തിന്റെ സന്തുലിതാവസ്ഥയെയും ധാർമിക കെട്ടുറപ്പിനേയും പ്രതികൂലമായി ബാധിക്കും. സ്വവർഗ്ഗലൈംഗീകതയോട് അനുഭാവമുള്ള വ്യക്തികളെ

സമൂഹത്തിൽ നിന്നും അകറ്റി നിർത്തരുത്; മറിച്ച് അനുകമ്പയോടെ വേണം അവരെ കാണുവാൻ– കമ്മീഷൻ സെക്രട്ടറി പറഞ്ഞു. അധാർമികവും പ്രകൃതിവിരുദ്ധവുമായ സ്വവർഗ്ഗ ലൈംഗീകതയ്ക്ക് നിയമസാധ്യത നൽകുവാനുള്ള നീക്കത്തിൽ നിന്നും കേന്ദ്രസർക്കാർ പിന്മാറണമെന്ന് കെ.സി.ബി.സി. ജാഗ്രത സമിതി ആവശ്യപ്പെട്ടു.

## 03. സിസ്റ്റർ ടീനയെ സഭ പുറത്താക്കിയിട്ടില്ല, സ്വയം വിടുതൽ വാങ്ങി: സൂപ്പീരിയർ ജനറൽ

സിസ്റ്റർ ടീനയെ സഭ പുറത്താക്കിയിട്ടില്ലെന്നും സ്വയം വിടുതൽ നൽകണമെന്ന് നിർബന്ധിച്ച് ആവശ്യപ്പെട്ടതാണെന്നും ഇത് സഭ അംഗീകരിക്കുകമാത്രമാണ് ചെയ്തതെന്നും സി.എം.സി സഭ സുപ്പീരിയർ ജനറൽ സിസ്റ്റർ എഡ്വർഡ് സി.എം.സി അറിയിച്ചു. സിസ്റ്റർ ടീന സഭയിൽ നിന്ന് പുറത്തായതിനെ സംബന്ധിച്ചു തെറ്റിദ്ധാരണ ഉളവാക്കുന്ന വാർത്തകൾ വരുന്ന സാഹചര്യത്തിലാണ് ഇത്തരമൊരു പത്രക്കുറിപ്പ് സൂപ്പീരിയർ ജനറൽ പുറപ്പെടുവിച്ചത്. സൂപ്പീരിയർ ജനറലിന്റെ പത്രക്കുറിപ്പിൽ പറയുന്നത് : 2009 ജനുവരിയിൽ സി.എം.സി സഭാംഗമായി തുടരുവാൻ തൃപ്തിയില്ലെന്നും സന്യാസസഭയിൽനിന്നു തനിക്ക് വിടുതൽ നൽകണമെന്നും കാണിച്ച് സിസ്റ്റർ ടീന മേലധികാരികൾക്കു കത്ത് നൽകി. വളരെ ചിന്തിച്ചും പ്രാർഥിച്ചും സാവകാശം മാത്ര മേ ഇപ്രകാരമുള്ള തീരുമാനമെടുക്കാവൂ എന്ന പറഞ്ഞു പ്രസ്തുത കത്ത് മേലധികാരികൾ സിസ്റ്റർക്കു തിരികെ നൽകി. ഒന്നരമാസത്തിനുശേഷം സഭയിൽനിന്നു വിടുതൽ നൽകണമെന്ന് നിർബന്ധപൂർവം ആവശ്യപ്പെട്ട് വീണ്ടും അപേക്ഷ നൽകുകയായിരുന്നു. സഭാനിയമം അനുശാസിക്കുന്ന എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കിയശേഷം സീറോമലബാർ സഭയുടെ തലവനായ മേജർ ആർച്ച്ബിഷപ് കർദിനാൾ വർക്കി വിതയത്തിൽ സിസ്റ്റർ ടീനയെ സഭയിൽനിന്നു വിടുതൽ ചെയ്തു. പ്രസ്തുത ഉത്തരവ് എറണാകുളം പ്രോവിൻസിന്റെ പ്രൊവിൻഷ്യൽ സുപ്പീരിയർ തന്റെ കൗൺസിലറിന്റെ സാന്നിധ്യത്തിൽ സിസ്റ്റർ ടീനയ്ക്ക് കൈമാറി. ഇത് സിസ്റ്റർ ടീന കൈപ്പറ്റി. അതോടെ സിസ്റ്റർ സി.എം.സി സഭാംഗമല്ലാതായി. മഠത്തിൽനിന്നു മാറുന്നതിന് 10 ദിവസത്തെ സാവകാശമാണ് സിസ്റ്റർ ചോദിച്ചത്. എന്നാൽ, പത്ത് ദിവസം കഴിഞ്ഞും പോകാതിരുന്നപ്പോൾ സഭാംഗമല്ലാത്തതിനാൽ മഠത്തിൽ താമസിക്കാൻ നിയമം അനുവദിക്കുന്നില്ലെന്നുള്ള കാര്യം സുപ്പീരിയർ രേഖാമൂലം ടീനയേയും സഹോദരൻ ജറോമിനെയും അറിയിച്ചു. വീട്ടിലേക്കു കൂട്ടി കൊണ്ട് പോകാനുള്ള ക്രമീകരണങ്ങൾ ചെയ്യണമെന്ന് സഹോദരനോടും ആവശ്യപ്പെട്ടു. എന്നാൽ, ഇതിന് അധികാരികളെ ഭീഷണിപ്പെടുത്തി കൊണ്ടുള്ള മറുപടിയാണ് ലഭിച്ചത്. മേയ് 19ന് സഭ വിട്ടുപോകുന്നതിനുള്ള തന്റെ അപേക്ഷ പിൻവലിക്കുന്നുവെന്നു കാണിച്ച് സഭ സുപ്പിരിയർ ജനറലിന് സിസ്റ്റർ ടീന കത്തയച്ചു. ഈ കത്ത് ലഭിച്ചുവെങ്കിലും സിസ്റ്റർ ടീനയെ തിരിച്ചെടുക്കാൻ സഭാനിയമം അനുവദിക്കുന്നില്ലെന്ന് അധികാരികൾ രേഖാമൂലം വീണ്ടും അറിയിച്ചു. ഇതിനിടയിൽ ഉണ്ടായ ബസപകടത്തെ തുടർന്ന് ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ട ടീനയ്ക്ക് മാനുഷിക പരിഗണനയോടെ ചികിത്സയ്ക്കും ശുശ്രൂഷയ്ക്കും ആവശ്യമായ ചെലവുകളെല്ലാം സി.എം. സി അധികാരികൾ വഹിച്ചെങ്കിലും സി.എം.സിയിലെ അംഗമാണെന്ന നിലയിലുള്ള ഉത്തരവാദിത്വം ഏറ്റെടുക്കാൻ സാധിക്കില്ല. എന്നാൽ, ടീന ഇപ്പോഴും താൻ സി.എം.സി സന്യാസിനീ സഭാംഗമാണെന്ന് അവകാശപ്പെടുന്നു. ആശുപത്രിയിൽനിന്നു ഡിസ്ചാർജ് ചെയ്തെങ്കിലും വീട്ടുകാർ ഉത്തരവാദിത്വം ഏറ്റെടുക്കുവാൻ തയാറായിട്ടില്ല. അതിനാൽ ടീന ആശുപത്രിയിൽ കഴിയുകയാണെന്നും പത്രക്കുറിപ്പിൽ വ്യക്തമാക്കുന്നു.

## 04. വൈദീകരെ മർദിച്ച സംഭവം : നിയമ നടപടി സ്വീകരിക്കണം: .കെ.സി.ബി സി ജാഗ്രത സമിതി

പീരുമേട് ആനവിലാസം ഉത്ഥാനാശ്രമസുപ്പീരിയർ ഫാ. ലോറൻസ്, ബ്രദർ യേശുദാസ് എന്നിവരെ അകാരണമായി കേസിൽക്കുടുക്കുകയും മർദിക്കുകയും ചെയ്തവർക്കെതിരെ ഉടൻ നിയമനടപടി സ്വീകരിക്കണമെന്ന് കെ.സി.ബി.സി. ജാഗ്രതാസമിതി ആവശ്യപ്പെട്ടു. വൈദീകർക്കെതിരെ വ്യാജപരാതി നൽകി കള്ള ക്കേസിൽക്കുടുക്കിയ സംഭവത്തിൽ ജാഗ്രതസമിതി ഉത്കണ്ഠ രേഖപ്പെടുത്തി. കോടതി വരാന്തയിൽ വച്ച് ഒരു അഭിഭാഷകൻതന്നെ വൈദീകരെ മർദിച്ച സംഭവം നിയമത്തോടുള്ള വെല്ലുവിളിയാണ്. വൈദീകരെ കള്ളക്കേസിൽ കുടുക്കുക, സമൂഹമദ്ധ്യേ അവഹേളിക്കുക, ശാരീരികവും മാനസികവുമായി പീഡിപ്പിക്കുക എന്നിങ്ങനെയുള്ള പ്രവണതകൾ വർദ്ധിച്ചുവരുന്നത് അതീവഗുരുതരമായി കാണേണ്ടതാണ്. വൈദീകരെ അവഹേളി

ക്കുന്ന കുറ്റക്കാരെ ശിക്ഷിക്കാത്തതുകൊണ്ടാണ് ഇത്തരം പ്രവണതകൾ വർദ്ധിച്ചുവരുന്നത്. യാതൊരു അന്വേഷണവും നടത്താതെയാണ് പോലീസ് വൈദീകർക്കെതിരെ കേസ് ചാർജ് ചെയ്തത്. പ്രാർത്ഥനയും ജീവകാരുണ്യപ്രവർത്തനവുമായി കഴിയുന്ന ആശ്രമവൈദീകരെ മർദിക്കുകയും കള്ളക്കേസിൽ കുടുക്കുകയും ചെയ്തവർക്കെതിരെ നിയമനടപടി സ്വീകരിക്കണമെന്ന് കെ.സി.ബി.സി. ജാഗ്രതാസമിതി സെക്രട്ടറി ഫാ. ജോണി കൊച്ചുപറമ്പിൽ ആവശ്യപ്പെട്ടു.

## 05. അഫിലിയേഷൻ റദ്ദാക്കൽ: നിയമ നടപടി സ്വീകരിക്കുമെന്ന് മാനേജ്മെന്റ്

അഫിലിയേഷൻ റദ്ദാക്കൽ നടപടികളിലൂടെ ഇന്റർചർച്ച് കൗൺസിലിനു കീഴിൽ വരുന്ന മികച്ച എൻജിനീയറിംഗ്, മെഡിക്കൽ സ്ഥാപനങ്ങളെ തകർക്കാൻ നടക്കുന്ന ശ്രമങ്ങളെ നിയമനടപടികൾകൊണ്ട് നേരിടുമെന്നും വിദ്യാർഥികളുടെയും രക്ഷിതാക്കളുടെയും താത്പര്യങ്ങൾ എന്തു വിലകൊടുത്തും സംരക്ഷിക്കുമെന്നും തൃശൂർ അതിരൂപത വികാരി ജനറാളും ജ്യോതി എൻജിനീയറിംഗ് കോളജ് ഡയറക്ടറുമായ മോൺ. റാഫേൽ വടക്കൻ പത്രസമ്മേളനത്തിൽ അറിയിച്ചു. ചെറുതുരുത്തി ജ്യോതി എൻജിനീയറിംഗ് കോളജ്, കൊടകര സഹൃദയ എൻജിനീയറിംഗ് കോളജ്, തൃശൂർ അമല മെഡിക്കൽ കോളജ്, തൃശൂർ ജൂബിലി മിഷൻ മെഡിക്കൽ കോളജ് എന്നീ സ്ഥാപനങ്ങളുടെ അഫിലിയേഷൻ റദ്ദാക്കിയ കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ നടപടിക്കെതിരെ വിശദീകരണം നൽകാൻ വിളിച്ചുചേർത്ത പത്രസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. നടപടി അത്യന്തം നിർഭാഗ്യകരവും പ്രതിഷേധാർഹവുമാണ്. കഴിഞ്ഞ മൂന്നുവർഷമായി ഈ കോളജുകൾക്കെതിരേ യൂണിവേഴ്സിറ്റി സ്വീകരിച്ച പകപോക്കൽ നടപടികളുടെ തുടർച്ചയാണിത്. കേന്ദ്രസർക്കാരിന്റെയും ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെയും സ്ഥിരാംഗീകാരമുള്ള മെഡിക്കൽ കോളജുകളുടെയും, എഐസിടി അംഗീകാരമുള്ള എൻജിനീയറിംഗ് കോളജുകളുടെയും അംഗീകാരം റദ്ദാക്കാൻ ഒരു കാരണവുമില്ല. യൂണിവേഴ്സിറ്റി നിയമം മറികടന്ന്, നോട്ടീസ് പോലും നൽകാതെയാണ് നടപടി.

മുമ്പ് പലതവണ അംഗീകാരം റദ്ദാക്കാൻ ശ്രമിച്ചപ്പോഴൊക്കെ ഹൈക്കോടതി യൂണിവേഴ്സിറ്റിയുടെ നടപടികൾ റദ്ദാക്കി സ്ഥാപനങ്ങൾക്ക് അനുകൂലമായി വിധിയെഴുതിയതു സ്ഥാപനങ്ങളുടെ നടത്തിപ്പിലെ യാഥാർഥ്യങ്ങൾ ബോധ്യപ്പെട്ടാണ്. മെഡിക്കൽ കോളജുകളുടെ കാര്യത്തിൽ യൂണിവേഴ്സിറ്റിയുടെ അപ്പീൽ ഡിവിഷൻ ബഞ്ച് തള്ളിയപ്പോൾ എൻജിനീയറിംഗ് കോളജ് കേസിൽ അപ്പീൽ ഇപ്പോഴും ഫയലിൽ സ്വീകരിച്ചിട്ടില്ല. വിദ്യാർഥികളുടെ ഭാവി സംരക്ഷിക്കേണ്ടതും പഠനം പൂർത്തീകരിച്ചുനൽകേണ്ടതും സർക്കാരിന്റെയും മാനേജ്മെന്റിന്റെയും ഉത്തരവാദിത്വമാണ്. പ്രശ്നപരിഹാരത്തിനായി ഏതറ്റംവരെയും പോകുമെന്നും മാതാപിതാക്കളുടെ ആശങ്കയകറ്റുമെന്നും മോൺ. റാഫേൽ വടക്കൻ വ്യക്തമാക്കി.അഫിലിയേഷൻ സംബന്ധിച്ച വിവരം മേയ് 31നു മുമ്പ് അതതു കോളജുകളെ അറിയിക്കണമെന്ന ചട്ടം പാലിക്കാതെയാണ് സിൻഡിക്കേറ്റ് ചേർന്ന് അഫിലിയേഷൻ റദ്ദാക്കിയതായി മാധ്യമങ്ങളെ അറിയിച്ചത്. ഈ വിവരം കോളജുകളെ രേഖാമൂലം അറിയിക്കാത്തതിനു പിന്നിലും ദുരൂഹതയുണ്ട്. ഈ വർഷത്തെ പ്രവേശനം നടന്നുകൊണ്ടിരിക്കുന്ന സമയത്ത് വിദ്യാർഥികളെയും രക്ഷിതാക്കളെയും ചിന്താക്കുഴപ്പത്തിലാക്കി പ്രവേശനം തകരാറിലാക്കാനും അന്യസംസ്ഥാന ലോബികളെ സഹായിക്കാനുമുള്ള നിക്ഷിപ്ത താത്പര്യവും ഇതിലുള്ളതായി സംശയിക്കേണ്ടിയിരിക്കുന്നു.ഫാ. ജോസ് ഇരിമ്പൻ (സഹൃദയ എൻജി. കോളജ്), ഫാ. ഫ്രാൻസിസ് കുരിശേരി (അമല മെഡിക്കൽ കോളജ്), ഫാ. ഡോ. ഫ്രാൻസിസ് ആലപ്പാട്ട്, ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് (ജൂബിലി മിഷൻ മെഡിക്കൽ കോളജ്), തോമസ് മാത്യു (ജ്യോതി കോളജ്) തുടങ്ങിയവരും പത്രസമ്മേളനത്തിൽ പങ്കെടുത്തു.

## 06. വിമർശിക്കുന്നവർ സഭയുടെ വിശുദ്ധിയും കാണണം: മാർ വിതയത്തിൽ

ക്രൈസ്തവ സഭയെ വിമർശിക്കുന്നവർ സഭയുടെ വിശുദ്ധിയും പ്രവർത്തന മേഖലകളിലെ നന്മയും കണ്ടെത്താൻ ശ്രമിക്കണമെന്ന് സീറോ മലബാർ സഭ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ വർക്കി വിതയത്തിൽ. സീറോ മലബാർ സഭ അല്മായ കമ്മീഷന്റെ ആഭിമുഖ്യത്തിൽ കാക്കനാട് മൗണ്ട് സെന്റ്

തോമസിൽ സഭയുടെ കേരളത്തിലെ എല്ലാ രൂപതകളിലെയും യുവജന നേതാക്കളുടെ ദ്വിദിന നേതൃസമ്മേളനത്തിൽ സമാപനസന്ദേശം നൽകി സംസാരിക്കുകയായിരുന്നു അദ്ദേഹം.സഭയുടെ ചരിത്രം, പാരമ്പര്യം, കനോൻ നിയമങ്ങൾ എന്നിവയെക്കുറിച്ചു ശരിയായി പഠിക്കാൻ യുവതലമുറ തയാറാകണം. വിശ്വാസസത്യങ്ങളിൽ അടിയുറച്ചുനിന്നു പ്രതികരിക്കാൻ യുവതലമുറ സജ്ജരാകണമെന്ന് കർദിനാൾ ആഹ്വാനം ചെയ്തു. അല്മായ കമ്മീഷന്റെ ആഭിമുഖ്യത്തിൽ ഓഗസ്റ്റ് 13 മുതൽ 15 വരെ സഭാ മൗണ്ട് സെന്റ് തോമസിൽ ചേരുന്ന അന്തർദേശീയ അല്മായ അസംബ്ലി, സഭയിൽ അല്മായ പങ്കാളിത്തം സജീവമാക്കി സഭയുടെ മുന്നോട്ടുള്ള പ്രവർത്തനങ്ങൾക്ക് ശക്തി പകരുമെന്ന് മാർ വിതയത്തിൽ പറഞ്ഞു. സമാപന സമ്മേളനത്തിൽ സീറോ മലബാർ സഭ അല്മായ കമ്മീഷൻ സെക്രട്ടറി അഡ്വ. വി.സി സെബാസ്റ്റ്യൻ അധ്യക്ഷത വഹിച്ചു. ബിജു മാത്യു അരീക്കാട്ട്, സാവിയോ പാമ്പൂരി, ജോപ്സി സേവ്യർ എന്നിവർ പ്രസംഗിച്ചു. എറണാകുളം-അങ്കമാലി അതിരുപത സഹായ മെത്രാൻ മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് യുവജന പ്രതിനിധികളെ അഭിസംബോധന ചെയ്തു. സഭാ ചാൻസലർ റവ. ഡോ. ആന്റണി കൊള്ളന്നൂർ ലിറ്റർജിക്കൽ റിസർച്ച് സെന്റർ എക്സിക്യൂട്ടീവ് ഡയറക്ടർ റവ.ഡോ.പോളി കണ്ണൂക്കാടൻ, പ്രൊക്യുറേറ്റർ ഫാ.മാത്യു പുളിമൂട്ടിൽ, അഡ്വ.ജോസ് വിതയത്തിൽ, ഡോ. കൊച്ചുറാണി ജോസഫ്, ഡോ.സാബു ഡി മാത്യു, അഗസ്റ്റിൻ ജോർജ് മഠത്തിപ്പറമ്പിൽ, ഡോ. സണ്ണിക്കുട്ടി തോമസ് എന്നിവർ നേതൃത്വം നൽകി

## 07. ഹൈക്കോടതിവിധി കുടുംബഭദ്രതയെ തകർക്കും: കെ.സി.ബി.സി

സ്വവർഗലൈംഗികത നിയമവിധേയമാണെന്ന ഡൽഹി ഹൈക്കോടതി വിധി കുടുംബഭദ്രതയെ തകർക്കുമെന്നു കേരള കത്തോലിക്കാ മെത്രാൻ സമിതി ചൂണ്ടിക്കാട്ടി. അധാർമികവും പ്രകൃതിവിരുദ്ധവുമായ സ്വവർഗലൈംഗികത നിയമവിധേയമാക്കുക വഴി കുടുംബം, വിവാഹം, ധാർമികത എന്നിവയെ തകർക്കും. സ്വവർഗരതി പല സാമൂഹിക വിപത്തുകൾക്കും വഴിതെളിക്കും. അത് ലൈംഗികതയെയും വ്യക്തിത്വ രൂപീകരണത്തെയും പ്രതികൂലമായി ബാധിക്കും. സ്വവർഗ ലൈംഗികത നിയമവിധേയമാക്കുന്നതുകൊണ്ട് സമൂഹത്തിന് യാതൊരു ഗുണവും ഉണ്ടാകാനില്ല മറിച്ച്, എയ്ഡ്സ്, മയക്കുമരുന്ന് ഉപയോഗം തുടങ്ങിയ വിപത്തുകൾ സമൂഹത്തിൽ പടരാ നേ കാരണമാകൂ.

ഇത് ഒരു രോഗമാണ്. രോഗത്തെ ചികിത്സിച്ചു ഭേദമാക്കാതെ രോഗത്തിന് ലൈസൻസ് നല്കുകയാണ് ഹൈക്കോടതി ഈ വിധിയിലൂടെ ചെയ്തിരിക്കുന്നത്. ആർഷഭാരതസംസ്കാരത്തിനും സമൂഹത്തിന്റെ സന്തുലിതാവസ്ഥയ്ക്കും കെട്ടുറപ്പിനും ഇത്തരത്തിലുള്ള വിധി ഒരിക്കലും യോജിച്ചതല്ല. സ്വവർഗ ലൈംഗികതയുള്ളവരെ അ നുഭാവപൂർവം കണ്ടുകൊണ്ട് രോഗത്തിൽനിന്ന് വിടുതൽ നല്കാൻ സഹായിക്കുകയുമാണ് വേണ്ടത്. ആസക്തിയെ ഒരു പരിധിവരെ ചികിത്സയിലൂടെയും കൗൺസലിംഗിലൂടെയും മാറ്റിയെടുക്കാൻ സാധിക്കും. രോഗത്തെ ചികിത്സിച്ചു ഭേദമാക്കാതെ അതിനെ പ്രോത്സാഹിപ്പിക്കുന്നത് സമൂഹത്തിന്റെ നാശത്തിന് കാരണമാ കും. സ്വവർഗ ലൈംഗികത കുറ്റകരമല്ലെന്ന് ഡൽഹി ഹൈക്കോടതി വിധിച്ചതോടെ രാജ്യം അരക്ഷിതത്വത്തിലേക്ക് വഴുതിവീഴും.

ലൈംഗികതയുടെ ഒരു പ്രധാനപ്പെട്ട മാനമാണ് പ്രത്യുത്പാദനം. അതിനെ നിഷേധിക്കുകയാണ് സ്വവർഗലൈംഗികത. എയ്ഡ്സ് ഉൾപ്പെടെയുള്ള ലൈംഗികരോഗങ്ങൾ ഏറ്റവും അധികമുള്ളതും ഇത്തരം ബന്ധങ്ങൾ പുലർത്തുന്നവരിലാണ്. സമൂഹത്തിന് ദോഷകരവും മാരകരോഗം പരത്തുന്നതുമായ സ്വവർഗലൈംഗികതയെ അനുവദിക്കുന്നത് അപകടകരമാണെന്നു കെസിബിസി പ്രസിഡ ന്റ് ആർച്ച്ബിഷപ്പ് ഡോ. ഡാനിയേൽ അച്ചാരുപറമ്പിൽ, വൈസ് പ്രസിഡന്റ് ബിഷപ്പ് ജോഷ്വാ മാർ ഇഗ്നാത്തിയോസ്, സെക്രട്ടറി ജനറൽ ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് എന്നിവർ സംയുക്ത പ്രസ്താവനയിൽ ചൂണ്ടിക്കാട്ടി.